# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 29.06.2011-ൽ |
| ചോദ്യം നമ്പർ : 683 | മറുപടിയ്ക്കു് |

## ചെട്ടികുളങ്ങര, പുതിയിടം ക്ഷേത്രങ്ങളുടെ ശോച്യാവസ്ഥ

| ചോദ്യം<br>ശ്രീ. സി.കെ. സദാശിവൻ | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും, ദേവസ്വവും<br>വകുപ്പു മന്ത്രി. |
|---|---|
| (എ) മാവേലിക്കര സബ്ഗ്രൂപ്പിൽപ്പെട്ട ചെട്ടികുളങ്ങര ക്ഷേത്രം, കരുനാഗപ്പള്ളി സബ്ഗ്രൂപ്പിൽപ്പെട്ട പുതിയിടം ക്ഷേത്രം, എരുവ ക്ഷേത്രം എന്നീ ക്ഷേത്രങ്ങളുടെ ശോച്യാവസ്ഥ, അറ്റകുറ്റപ്പണികൾ എന്നിവയെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ആയതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (എ) & (ബി) ഉണ്ട്. മാവേലിക്കര ഗ്രൂപ്പിൽപ്പെട്ട ചെട്ടികുളങ്ങര ക്ഷേത്രത്തിലെ ഓഡിറ്റോറിയത്തിന്റെ അറ്റകുറ്റപ്പണികൾ ദേവസ്വം ബോർഡ് പൂർത്തിയാക്കിവരുന്നു. കുളത്തിന്റെയും മറ്റ് ടെമ്പിൾ സ്ട്രക്ച്ചറുകളുടെയും പണികൾക്കുള്ള അടങ്കൽ തയ്യാറാക്കുന്ന നടപടിയിലാണ്. കരുനാഗപ്പള്ളി ഗ്രൂപ്പിൽപ്പെട്ട പുതിയിടം ദേവസ്വത്തിന്റെ ശ്രീകോവിലിന്റെ അറ്റകുറ്റപ്പണികളും മേൽക്കൂരയ്ക്ക് പലക അടിച്ച് ചെമ്പു പാകുന്നതിനുള്ള പണികളും ബോർഡ് ചെയ്തുവരുന്നു. എരുവ ദേവസ്വം ശ്രീകോവിലിന്റെയും മറ്റനുബന്ധ കെട്ടിടങ്ങളുടെയും അടങ്കൽ തയ്യാറാക്കി പണി എത്രയും വേഗം പൂർത്തിയാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ